**K25P 3659**

Reg. No. : ...............................

Name : ..................................

**I Semester M.A. Degree (C.B.S.S. – Supplementary)**
**Examination, October 2025**
**(2022 Admission)**
**MALAYALAM**
**MAL1C05 : Malayalam Literary Criticism**

Time : 3 Hours

Max. Marks : 80

I. **ഈരണ്ടു പുറ**ത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. **(5×4=20)**

1) സി. വി.യുടെ ഭാഷയെപ്പറ്റിയുള്ള സ്വദേശാഭിമാനിയുടെ നിരീക്ഷണങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.

2) ദ്വിതീയാക്ഷരപ്രാസവാദം 'ചായക്കോപ്പയിലെ കൊടുങ്കാറ്റാ'യിരുന്നുവെന്ന സുകുമാർ അഴീക്കോടിന്റെ വാദത്തെ വിമർശനബുദ്ധ്യാ പരിശോധിക്കുക.

3) ഭാഷാകവിതയുടെ അഭിവൃദ്ധിക്ക് സി. പി. അച്യുതമേനോൻ നൽകുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം ?

4) "പോപ്പ് കവിതയുടെ പ്രത്യേകത വ്യാചിഖ്യാസിതമായ ഈ കവിതയിൽ കാണ്മാൻ കഴിയും" – ഏത് കവിതയെപ്പറ്റിയാണ് ഈ പരാമർശം ? അതിന്റെ പ്രസക്തി യെന്ത് ?

5) "ആശാൻ തുടങ്ങിവച്ച ഈ പ്രസ്ഥാനത്തെ പിന്നീട് വന്ന കവികൾ ഒരുത്സവ മായി ആഘോഷിക്കുകയാണ് ചെയ്തത് " എന്തിനെപ്പറ്റിയാണ് നിരൂപകൻ ഇപ്രകാരം പറയുന്നത് ? എന്തുകൊണ്ട് ?

II. **നന്നാലു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5×6=30)**

6) നിരൂപകന്റെ ക്ഷോഭമല്ലാതെ, യുക്തിസഹമായ ചിന്തയോ സൗന്ദര്യബോധമോ ഇല്ലാത്ത വിലയിരുത്തലാണ് സ്വദേശാഭിമാനിയുടെ 'ധർമ്മരാജാ നിരൂപണം' എന്ന വാദത്തോട് യോജിക്കുന്നുണ്ടോ ? വ്യക്തമാക്കുക.

**അല്ലെങ്കിൽ**

മലയാള സാഹിത്യത്തിലെ കാല്പനിക ഭാവുകത്വത്തെ നിർണ്ണയിക്കുന്നതിൽ 'നളിനി'യുടെ അവതാരിക വഹിച്ച പങ്കിനെപ്പറ്റി വിശദമാക്കുക.

P.T.O.

7) ''കേസരി വിമർശകനായിരുന്നില്ല. വിമർശകരുടെ വിജ്ഞാനാന്തരീക്ഷമായിരുന്നു'' എന്ന നിരീക്ഷണത്തിനു പ്രസക്തിയുണ്ടോ ? വിമർശനകലയിലെ സാങ്കേതികസമീപനം മാത്രമാണോ കേസരിയുടെ സംഭാവന ? ചർച്ച ചെയ്യുക.

**അല്ലെങ്കിൽ**

'ലീല ഭർതൃഘാതകിയാണ്' എന്ന വാദത്തെ അനുമാനതത്വമുപയോഗിച്ച് സാധൂകരിക്കാനുള്ള വിഫലശ്രമമാണോ മാരാരുടെ 'ആശാന്റെ സീത' എന്ന ലേഖനം – വിമർശനാത്മകമായി പരിശോധിക്കുക.

8) കുറ്റിപ്പുഴ പുരോഗമനസാഹിത്യത്തെ വിശദീകരിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

ആധുനികകവിതയുടെ താളക്രമത്തിൽ ആധുനികതയും പാരമ്പര്യവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

9) ''രാഷ്ട്രീയാർത്ഥത്തിൽ പ്രതിലോമപരമായ ഒരു ജീവിതസങ്കല്പമാണ്, കുഞ്ഞിരാമൻ നായരുടെ ദുരന്ത പ്രതീതി കലർന്ന വിഷാദാത്മകത്വത്തിനടിയിൽ ഊറി നിന്നിരുന്നത്'' – ഈ വിമർശനത്തിന്റെ സാധുത പരിശോധിക്കുക.

**അല്ലെങ്കിൽ**

സേതുവിന്റെ 'അടയാളങ്ങൾ' സ്ത്രീപക്ഷരചന എന്ന വിശേഷണത്തിന് അർഹമാണ് എന്ന വാദത്തിന്റെ അടിസ്ഥാനമെന്ത് ?

10) ''ക്ഷത്രിയാധിഷ്ഠിതമായ അന്നത്തെ സാമൂഹ്യനീതിയാണ് കാളിദാസന്റെ തൂലികയിൽ മഷിയൊഴിച്ചിരുന്നത്'' എന്ന നിരീക്ഷണത്തിന്റെ സാരമെന്ത് ?

**അല്ലെങ്കിൽ**

വി. കെ. എൻ. നോവലുകളെ പുരുഷപ്രകൃതിയുള്ള ഗോപുരങ്ങളാക്കി മാറ്റുന്ന ഘടകങ്ങളെന്തെല്ലാം ?

**(3×10=30)**

III. **ഓരോന്നിനും ആറു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) ആദ്യകാല പത്രമാസികകളിലെ സാഹിത്യനിരൂപണത്തെപ്പറ്റി ചുരുക്കി വിവരിക്കുക.

**അല്ലെങ്കിൽ**

ഫെമിനിസ്റ്റ് നിരൂപണത്തിന്റെ സമീപന രീതികൾ ഉദാഹരണ സഹിതം വിവരിക്കുക.

12) ആധുനിക നിരൂപണത്തെ സ്വാധീനിച്ച തത്വചിന്താപദ്ധതികളെപ്പറ്റി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

സാഹിത്യവിമർശനത്തിലെ പാരിസ്ഥിതികാവബോധത്തെപ്പറ്റി വിവരിക്കുക. 'കഥാകാരന്റെ ഭാരതി' എന്ന ലേഖനത്തിൽ പ്രസ്തുതവീക്ഷണം അവതരിപ്പിക്കുന്നതെങ്ങനെയെന്നു പരിശോധിക്കുക.

13) വ്യത്യസ്ത സാഹിത്യവിമർശന രീതികളെ വിശദമായി പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

സാഹിത്യവിമർശനത്തിൽ മാരാരും മുണ്ടശ്ശേരിയും പുലർത്തിയിരുന്ന വ്യത്യസ്ത വീക്ഷണങ്ങൾ താരതമ്യം ചെയ്യുക.